"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം, 2001 - റിവർ മാനേജ്മെന്റ് ഫണ്ട് - മാവൂർ പഞ്ചായത്തിൽ ഉൾപ്പെട്ട തെങ്ങിലക്കടവ്-ആയങ്കുളം റോഡ് ചാലിയാർ പുഴയുടെ കൈവഴിയായ ചെറുപുഴയിൽ പതിച്ചത് പരിഹരിക്കുന്നതിനുള്ള 30.30 ലക്ഷം രൂപയുടെ പ്രവൃത്തിക്കും ഒറ്റപ്പാലം താലൂക്കിലെ കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ പതിമൂന്നാം വാർഡ് കുന്തിപ്പുഴയുടെ അരിക് സംരക്ഷണം എന്ന 40.80 ലക്ഷം രൂപയുടെ പ്രവൃത്തിക്കും ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.74/2025/RD തീയതി, തിരുവനന്തപുരം, 09-01-2025

---

പരാമർശം:-

1. 05.06.2024, 17.08.2024 എന്നീ തിയതികളിലെ കോഴിക്കോട് ജില്ലാ കളക്ടറുടെ DCKKD/3556/23-F7 നമ്പർ കത്തുകൾ.
2. 27.08.2024-ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ LR/6327/2024-LR(K1) നമ്പർ കത്ത്.
3. 22.10.2024-ലെ സംസ്ഥാന ഉന്നത തല സമിതി യോഗത്തിലെ 13,17 എന്നീ നമ്പർ തീരുമാനം.
4 05.12.2024-ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ LR/11859/2024-LR(K1) നമ്പർ കത്ത്.
5 09.12.2024-ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ LR/12006/2024-LR(K1) നമ്പർ കത്ത്.
6 10.12.2024-ലെ സംസ്ഥാന ഉന്നത തല സമിതി യോഗത്തിലെ 6,7 എന്നീ നമ്പർ തീരുമാനം.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ മാവൂർ പഞ്ചായത്തിൽ ഉൾപ്പെട്ട തെങ്ങിലക്കടവ്-ആയങ്കുളം റോഡ് ചാലിയാർ പുഴയുടെ കൈവഴിയായ ചെറുപുഴയിൽ പതിച്ചത് പരിഹരിക്കുന്നതിനുള്ള 30.30 ലക്ഷം രൂപയുടെ (മുപ്പതു ലക്ഷത്തി മുപ്പതിനായിരം രൂപ) പ്രവൃത്തിയുടെ പ്രൊപ്പോസൽ പരാമർശം (1) പ്രകാരം കോഴിക്കോട് ജില്ലാ കളക്ടറും ശിപാർശ സഹിതമുള്ള റിപ്പോർട്ട് പരാമർശം (2) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറും സർക്കാരിൽ സമർപ്പിച്ചിരുന്നു. 22.10.2024-ലെ സംസ്ഥാന ഉന്നത തല സമിതി യോഗ തീരുമാനം പ്രകാരമുള്ള സ്ഥലപരിശോധനാ റിപ്പോർട്ട്, പരാമർശം (4) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. തുടർന്ന് 10.12.2024-ലെ സംസ്ഥാന ഉന്നത തല സമിതി യോഗം പ്രസ്തുത സ്ഥല പരിശോധനാ റിപ്പോർട്ട് അംഗീകരിക്കുകയും ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകാവുന്നതാണെന്ന് വിലയിരുത്തുകയും ചെയ്തു.

കൂടാതെ ഒറ്റപ്പാലം താലൂക്ക് കരിമ്പുഴ ഗ്രാമപഞ്ചായത്ത് പതിമൂന്നാം വാർഡ് കുന്തിപ്പുഴയുടെ അരിക് സംരക്ഷണം എന്ന 40.80 ലക്ഷം രൂപയുടെ (നാല്പതു ലക്ഷത്തി എൺപതിനായിരം രൂപ) പ്രവൃത്തിയിന്മേൽ 22.10.2024-ലെ സംസ്ഥാന ഉന്നത തല സമിതി യോഗ തീരുമാനം പ്രകാരമുള്ള സ്ഥലപരിശോധനാ റിപ്പോർട്ട് പരാമർശം (4) പ്രകാരവും പ്രൊപ്പോസൽ പരാമർശം (5) പ്രകാരവും ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. 10.12.2024-ലെ സംസ്ഥാന ഉന്നത തല സമിതി യോഗം പ്രസ്തുത സ്ഥല പരിശോധനാ റിപ്പോർട്ടും പ്രൊപ്പോസലും അംഗീകരിയ്ക്കുകയും ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകാവുന്നതാണെന്നു വിലയിരുത്തുകയും ചെയ്തു.

ടി വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും സംസ്ഥാന ഉന്നത തല സമിതി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, മാവൂർ പഞ്ചായത്തിൽ ഉൾപ്പെട്ട തെങ്ങിലക്കടവ്-ആയങ്കുളം റോഡ് ചാലിയാർ പുഴയുടെ കൈവഴിയായ ചെറുപുഴയിൽ പതിച്ചത് പരിഹരിയ്ക്കുന്നതിനുള്ള 30.30 ലക്ഷം രൂപയുടെ പ്രവൃത്തിയും ഒറ്റപ്പാലം താലൂക്കിലെ കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ പതിമൂന്നാം വാർഡ് കുന്തിപ്പുഴയുടെ അരിക് സംരക്ഷണം എന്ന 40.80 ലക്ഷം രൂപയുടെ പ്രവൃത്തിയും റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർവഹിയ്ക്കുന്നതിന്, ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്, പാലക്കാട്.
ഡയറക്ടർ, ഐ.എൽ.ഡി.എം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് ആന്റ് ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Pradeesh Kumar M K**
**Date: 09-01-2025 15:58:23**
സെക്ഷൻ ഓഫീസർ

ബഹു. റവന്യൂവും ഭവന നിർമാണവും വകുപ്പ് മന്ത്രിയുടെ പി.എസിനു.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.
റവന്യൂ (പിഎ) വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്